**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 822** **24-06-2026-ൽ മറുപടിയ്ക്ക്**

**കൊച്ചി നിയോജകമണ്ഡലത്തിലെ രൂക്ഷമായ കുടിവെള്ള ക്ഷാമവും ജല മലിനീകരണവും പരിഹരിക്കുന്നത്**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. മുഹമ്മദ് ഷിയാസ് ശ്രീ. മോൻസ് ജോസഫ്

(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

**(എ)** കൊച്ചി മണ്ഡലത്തിലെ മട്ടാഞ്ചേരി മേഖലയിലെ ചക്കമടം, കുഞ്ഞാലി റോഡ്, മേപ്പറമ്പ്, മുപ്പത്തിമൂന്നുപറമ്പ്, ഗോൾഡൻ മുക്ക്, കപ്പലണ്ടി മുക്ക്, കൊച്ചങ്ങാടി, മാർത്താണ്ഡപറമ്പ്, കല്ലറയ്ക്കപ്പറമ്പ് എന്നീ പ്രദേശങ്ങളിൽ അനുഭവപ്പെടുന്ന കടുത്ത കുടിവെള്ളക്ഷാമം പരിഹരിക്കാൻ ജലവിഭവ വകുപ്പ് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

**മറുപടി:** കൊച്ചി നിയോജക മണ്ഡലത്തിലെ കൊച്ചി കോർപ്പറേഷന്റെ പരിധിയിൽ വരുന്ന ഭാഗങ്ങളിൽ കുടിവെള്ളത്തിന്റെ ആകെ ആവശ്യകത 50 ദശലക്ഷം ലിറ്റർ ആണെങ്കിലും, നിലവിൽ 36.50 ദശലക്ഷം ലിറ്റർ മാത്രമാണ് വിതരണം ചെയ്യാൻ സാധിക്കുന്നത്. അതുപോലെ കുമ്പളങ്ങി പഞ്ചായത്തിലേക്ക് ആവശ്യമായത് 8 ദശലക്ഷം ലിറ്ററാണെങ്കിലും നിലവിൽ 5 ദശലക്ഷം ലിറ്റർ മാത്രമാണ് വിതരണം ചെയ്യാൻ സാധിക്കുന്നത്. കുഞ്ഞാലി റോഡ്, ചക്കാമഠം, കല്ലറക്കപ്പറമ്പ്, കൊച്ചങ്ങാടി എന്നീ പ്രദേശങ്ങളിലുള്ള ബൈ റോഡുകളിലെ വിതരണ പൈപ്പുകൾ കൂടുതലും പഴയ കാസ്റ്റ് അയൺ, ആസ്ബറ്റോസ് പൈപ്പുകളാണ്. ഇതിന്റെ കാലപ്പഴക്കം മൂലം ലീക്കുകളും , ടാപ്പിംഗ് പോയിന്റുകളിൽ ബ്ലോക്കുകളും ഉണ്ടാകുന്നത് മൂലവും വേനലിൽ കുടിവെള്ള ക്ഷാമം നേരിടാറുണ്ട് . കൂടാതെ പെരുമാനൂർ, പാഴൂർ പമ്പ് ഹൗസുകളിലും മരട്, ആലുവ ജലശുദ്ധീകരണ ശാലകളിലും ഉണ്ടാകുന്ന പമ്പിംഗ് തടസ്സങ്ങൾ & കെ എസ് ഇ ബി ഷട്ട് ഡൗൺ മൂലവും ചില സമയങ്ങളിൽ മേൽ പ്രദേശങ്ങളിൽ കുടിവെള്ള ക്ഷാമം നേരിടാറുണ്ട്.

മേൽ പ്രദേശങ്ങളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി ഇന്റർ കണക്ഷൻ പ്രവൃത്തി നടത്തുകയും ലീക്കുകൾ പരിഹരിക്കുകയും, പമ്പിംഗ് സമയം വർദ്ധിപ്പിക്കുകയും, ടാപ്പിംഗ് പോയിന്റുകൾ പരിശോധിച്ച് ബ്ലോക്കുകൾ ക്ലിയർ ചെയ്തും കുടിവെള്ള വിതരണം കുറച്ചുകൂടി കാര്യക്ഷമമാക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

മേൽ പ്രദേശങ്ങളിലെ ബൈ റോഡിലുള്ള ആസ്ബറ്റോസ് പൈപ്പുകൾ മുഴുവനും മാറ്റി പുതിയ പൈപ്പുകൾ സ്ഥാപിച്ചാൽ കൂടുതൽ വെള്ളം ഈ ഭാഗങ്ങളിൽ എത്തിക്കുവാൻ സാധിക്കുന്നതാണ്. നിലവിൽ എ ഡി ബി സഹായത്തോടെയുള്ള ഫണ്ട് ഉപയോഗിച്ച് കൊച്ചി കോർപ്പറേഷനിൽ നടപ്പിലാക്കുന്ന കേരള അർബൻ വാട്ടർ സർവ്വീസസ് ഇംപ്രൂമെന്റ് പ്രോജക്ട് പദ്ധതിയിൽ പഴയ കാസ്റ്റ് അയൺ, ആസ്ബറ്റോസ് പൈപ്പുകൾ മാറ്റിയിടുന്ന പ്രവൃത്തികൾ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. നിലവിൽ പദ്ധതി എഗ്രിമെന്റ് വച്ചിട്ടുണ്ട്. പ്രവൃത്തിയുടെ ഭാഗമായ ലൈൻ മാപ്പിംഗ് & നെറ്റ്‌വർക്ക് ഡിസൈൻ എന്നിവ പുരോഗമിച്ച് വരുന്നു.

കൂടാതെ എ ഡി ബി സഹായത്തോടെയുള്ള ഫണ്ട് ഉപയോഗിച്ച് ആലുവയിൽ പദ്ധതിയിട്ടിരിക്കുന്ന 190 എം എൽ ഡി ശേഷിയുള്ള ജലശുദ്ധീകരണ ശാല സ്ഥാപിക്കുന്നതോടു കൂടി കൊച്ചി കോർപ്പറേഷന്റെ പരിധിയിൽ വരുന്ന ഭാഗങ്ങളിൽ ആവശ്യമായ ജല ലഭ്യത ഉറപ്പാക്കുവാൻ സാധിക്കും.

കപ്പലണ്ടിമുക്ക് പ്രദേശത്തെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി എം എ നാസർ റോഡിൽ പുതിയ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായിട്ടുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

മുപ്പത്തിമൂന്ന് പറമ്പ്, മാർത്താണ്ഡപറമ്പ്, എന്നീ പ്രദേശങ്ങളിലെ ലീക്ക് പരിഹരിച്ച് കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനുമുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. മേപ്പറമ്പ്, ഗോൾഡൻമുക്ക് എന്നീ പ്രദേശങ്ങളിൽ ജലവിതരണവുമായി ബന്ധപ്പെട്ട് നിലവിൽ പരാതികൾ ലഭിച്ചിട്ടില്ല.

**(ബി)** മട്ടാഞ്ചേരിയിലെ മേൽപറഞ്ഞ പ്രദേശങ്ങളിൽ ടാപ്പുകളിലൂടെ ലഭിക്കുന്ന കുടിവെള്ളത്തിന് കടുത്ത ദുർഗന്ധം അനുഭവപ്പെടുന്നത് വഴി ജനങ്ങൾ നേരിടുന്ന ഗുരുതരമായ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ വെള്ളത്തിന്റെ ഗുണനിലവാരം യുദ്ധകാലാടിസ്ഥാനത്തിൽ പരിശോധിക്കാൻ ലാബ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുമോ;

**<u>മറുപടി:</u>** മേൽ പറഞ്ഞ മട്ടാഞ്ചേരി മേഖലകളിൽ അഴുക്കുവെള്ളം ലഭിക്കുന്നുവെന്ന പരാതികൾ ലഭിച്ചിരുന്നു. ആയത് അപ്പപ്പോൾ തന്നെ യുദ്ധകാലാടിസ്ഥാനത്തിൽ പരിഹരിച്ചു വരുന്നുണ്ട്. നിലവിലെ കൊച്ചി കോർപ്പറേഷൻ ഡിവിഷനുകളിലെ മെയിന്റനൻസ് പ്രവൃത്തികൾ ഏറ്റെടുത്തു നടത്തുന്ന കരാർ കമ്പനി പ്രസ്തുത പ്രദേശങ്ങളിലെ കുടിവെള്ള സാമ്പിളുകൾ നിശ്ചിത ഇടവേളകളിൽ എടുത്ത് പരിശോധന റിപ്പോർട്ട് സമർപ്പിച്ചു വരുന്നുണ്ട്. സാമ്പിളുകൾ ശേഖരിച്ച് പരിശോധന നടത്തുമ്പോൾ ഗുണനിലവാരത്തിൽ വ്യതിയാനം നേരിടുന്ന സ്ഥലങ്ങളിൽ ലൈൻ സ്കവർ ചെയ്ത് സൂപ്പർ ക്ലോറിനേഷൻ നടത്തിവരുന്നു. കൂടാതെ പ്രസ്തുത സ്ഥലങ്ങളിൽ തുടർ പരിശോധനകളും നടത്തിവരുന്നു. വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റിൽ ശുദ്ധീകരിക്കപ്പെടുന്ന ജലത്തിന്റ ക്വാളിറ്റി സമയാസമയങ്ങളിൽ പരിശോധിച്ച് ഗുണനിലവാരം ഉറപ്പ് വരുത്തുന്നുണ്ട്. കൂടാതെ വാട്ടർ അതോറിറ്റിയുടെ ക്വാളിറ്റി വിംഗ്, പ്ലാന്റുകളിലും പമ്പ് ഹൗസുകളിലും വിതരണശൃംഖലകളിലും പരിശോധന നടത്തി കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിച്ച് റിപ്പോർട്ട് നൽകുകയും ചെയ്തുവരുന്നുണ്ട്. ഇത് പരിശോധിച്ച് ആവശ്യമെങ്കിൽ ലൈൻ സ്കവറിങ്, സൂപ്പർ ക്ലോറിനേഷൻ, അവക്ഷിപ്ത ക്ലോറിൻ മതിയായ അളവിൽ ഉറപ്പു വരുത്തുക എന്നീ നടപടികൾ സ്വീകരിച്ച് വരുന്നു

**(സി)** മണ്ഡലത്തിലെ കുമ്പളങ്ങി പഞ്ചായത്തിലെ 1, 2, 8, 9 വാർഡുകളിൽ നിലനിൽക്കുന്ന കടുത്ത കുടിവെള്ളക്ഷാമം ശാശ്വതമായി പരിഹരിക്കുന്നതിന് എന്തെല്ലാം അടിയന്തര ക്രമീകരണങ്ങളാണ് ഏർപ്പെടുത്തുന്നത്;

**<u>മറുപടി:</u>** കുമ്പളങ്ങി പഞ്ചായത്ത് പരിധിയിൽ വരുന്ന ഭാഗങ്ങളിൽ കുടിവെള്ളത്തിന്റെ ആകെ ആവശ്യകത 9 ദശലക്ഷം ലിറ്ററാണെങ്കിലും നിലവിൽ 5.5 മുതൽ 6 ദശലക്ഷം ലിറ്റർ മാത്രമാണ് വിതരണം ചെയ്യാൻ സാധിക്കുന്നത്.

കൊച്ചി നിയോജക മണ്ഡലത്തിലെ കുമ്പളങ്ങി പഞ്ചായത്തിലെ 1, 2, 8, 9 വാർഡുകളിൽ നിലനിൽക്കുന്ന കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന്റെ ഭാഗമായി വാർഡ് 2- ൽ അധിക ജലം എത്തിക്കുന്നതിനായി പി ഡബ്ല്യു ഡി റോഡിൽ കൂടി 250 മീറ്റർ നീളത്തിൽ 90 എം എം പി വി സി പൈപ്പ് പുതിയതായി സ്ഥാപിച്ച് ഇന്റർ കണക്ഷൻ ചെയ്ത് നിലവിലുള്ള 90 എം എം പൈപ്പിലേയ്ക്ക്

കണക്ട് ചെയ്യുകയാണെങ്കിൽ വാലറ്റ പ്രദേശമായ വാർഡ് രണ്ടിലേയ്ക്ക് മതിയായ അളവിൽ കുടിവെള്ളം എത്തിക്കുവാൻ സാധിക്കും. ഇതിനായി 250 മീറ്റർ പി ഡബ്ല്യൂ ഡി റോഡ് മുറിക്കേണ്ടതുണ്ട് . അതിനു വേണ്ടി പഞ്ചായത്ത് ആവശ്യപ്പെട്ട പ്രകാരം 21 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഫണ്ട് ലഭ്യമാക്കുന്നതിനാവശ്യമായ നടപടികളെടുക്കുന്നതിനായി കുമ്പളങ്ങി പഞ്ചായത്തിൽ അറിയിച്ചിട്ടുണ്ട്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പ്രവൃത്തി നടപ്പിലാക്കാവുന്നതാണ്. കൂടാതെ കുമ്പളങ്ങി പഞ്ചായത്തിലെ വിവിധ വാർഡുകളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയിൽ 15 ലക്ഷം രൂപയുടെ പ്രെപ്പോസ്സൽ സമർപ്പിച്ചിട്ടുണ്ട്.

കുമ്പളങ്ങി പഞ്ചായത്തിലെ വാർഡ് 9 ലെ കുടിവെള്ള ക്ഷാമം നേരിടുന്ന പ്രദേശമായ മുരുക്കത്തറ കോളനിയിൽ 400 മീറ്റർ 63 എം എം പി വി സി പൈപ്പ് മാറ്റി 75 എം എം എച്ച് ഡി പി ഇ പൈപ്പ് ഇടുന്നതിനായി ബ്ലോക്ക് ഡെപ്പോസിറ്റ് പ്രവൃത്തിയിൽ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്.

ഭരണാനുമതി ലഭ്യമാക്കി ഈ പ്രവൃത്തി പൂർത്തീകരിക്കുന്നതോടു കൂടി അടിക്കടി ഉണ്ടാകുന്ന പൈപ്പ് പൊട്ടൽ മൂലം ഉള്ള കുടിവെള്ള ക്ഷാമം പരിഹരിക്കാൻ സാധിക്കുന്നതാണ്.

വാർഡ് 1, 8 പ്രദേശങ്ങൾ വാലറ്റത്താണ് സ്ഥിതി ചെയ്യുന്നത്. ആയതിനാൽ കുമ്പളങ്ങി, പാഴൂർ പമ്പ് ഹൗസുകളിലും മരട് ജലശുദ്ധീകരണ ശാലയിലും കെ എസ് ഇ ബി സപ്ലൈ മുടങ്ങുന്ന സമയങ്ങളിൽ ഈ പ്രദേശത്തെ വീടുകളിൽ കുടിവെള്ള ക്ഷാമം നേരിടുന്നുണ്ട്. കുമ്പളങ്ങി പമ്പ് ഹൗസിൽ നിലവിൽ 12 മുതൽ 12.5 എം എൽ ഡി വെള്ളമാണ് ചെല്ലാനം, കുമ്പളങ്ങി പഞ്ചായത്തുകൾക്കായി ലഭിച്ചു കൊണ്ടിരിക്കുന്നത്. 3 എം എൽ ഡി കൂടി അധിക ജലം ലഭ്യമാക്കുകയാണെങ്കിൽ ടി പ്രദേശങ്ങളിലെ കുടിവെള്ള ക്ഷാമം ശാശ്വതമായി പരിഹരിക്കാൻ സാധിക്കുന്നതാണ്.

കൂടാതെ എ ഡി ബി സഹായത്തോടയുള്ള ഫണ്ട് ഉപയോഗിച്ച് ആലുവയിൽ പദ്ധതിയിട്ടിരിക്കുന്ന 190 എം എൽ ഡി ശേഷിയുള്ള ജലശുദ്ധീകരണ ശാല സ്ഥാപിക്കുന്നതോടു കൂടി കൊച്ചി കോർപ്പറേഷന്റെ പരിധിയിൽ വരുന്ന ഭാഗങ്ങളിൽ ആവശ്യമായ ജലലഭ്യത ഉറപ്പാക്കുവാൻ സാധിക്കും.

**(ഡി)** ചെല്ലാനം പഞ്ചായത്തിലെ എല്ലാ വാർഡുകളിലും അനുഭവപ്പെടുന്ന കടുത്ത കുടിവെള്ളക്ഷാമവും, പഴയ പൈപ്പുകൾ പൊട്ടി നിരന്തരം ഉണ്ടാകുന്ന വലിയ തോതിലുള്ള ലീക്കേജും പരിഹരിക്കുന്നതിനായി, അവിടുത്തെ വിതരണ ശൃംഖല പൂർണ്ണമായും മാറ്റിസ്ഥാപിക്കാൻ സർക്കാർ അടിയന്തിരമായി നടപടി സ്വീകരിക്കുമോ?

**<u>മറുപടി:</u>** ചെല്ലാനം പഞ്ചായത്ത് പരിധിയിൽ വരുന്ന ഭാഗങ്ങളിൽ കുടിവെള്ളത്തിന്റെ ആകെ ആവശ്യകത 10 ദശലക്ഷം ലിറ്ററാണെങ്കിലും അത്രയും ജലം വിതരണം ചെയ്യാൻ സാധിക്കുന്നില്ല.

ചെല്ലാനം പഞ്ചായത്തിലെ പാണ്ടിക്കുടി ചെല്ലാനം റോഡിലെ നിലവിലുള്ള പ്രധാന വിതരണ ലൈനുകൾ പഴയ ആസ്ബറ്റോസ് പൈപ്പുകളാണ്. കൂടാതെ വളരെ ആഴത്തിലും സ്വകാര്യ വ്യക്തികളുടെ ഭൂമികളിലൂടെയും ആണ് പൈപ്പുകൾ കടന്നുപോകുന്നത്. ആയതിനാൽ ലീക്കുകൾ, മറ്റ് ബ്ലോക്കേജുകൾ കണ്ടെത്തുന്നതിനും ആയത് പരിഹരിക്കുന്നതിനും വളരെ ബുദ്ധിമുട്ട് നേരിടുന്നു . പഴയ ആസ്ബറ്റോസ് പൈപ്പ് ലൈനുകൾ മാനാശ്ശേരി മുതൽ കണ്ടക്കടവ് വരെ 200 എം എം ഡക്ടൽ അയൺ, 160 എം എം പി വി സി പുതിയ പൈപ്പുകൾ എന്നിവ സ്ഥാപിക്കുന്നതിനായി 19 കോടി രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ കണ്ടക്കടവ് മുതൽ ചെല്ലാനം വരെ 350 എം എം ഡക്ടയിൽ അയൺ, 200 എം എം ഡക്ടൽ അയൺ, 160 എം എം പി വി സി പുതിയ പൈപ്പുകൾ സ്ഥാപിക്കുന്നതിനായി 20.9 കോടി രൂപയുടെ പ്രൊപോസൽ തയ്യാറാക്കിയിട്ടുണ്ട് . എ ഡി ബി സഹായത്തോടെയുള്ള ഫണ്ട് ഉപയോഗിച്ച് ആലുവയിൽ പദ്ധതിയിട്ടിരിക്കുന്ന 190 എം എൽ ഡി

ശേഷിയുള്ള ജല ശുദ്ധീകരണ ശാല സ്ഥാപിക്കുന്നതോടു കൂടി മാത്രമേ കൊച്ചി കോർപ്പറേഷന്റെ പരിധിയിൽ വരുന്ന ഭാഗങ്ങളിൽ ആവശ്യമായ ജലലഭ്യത ഉറപ്പാക്കുവാൻ സാധിക്കുകയുള്ളൂ.

**സെക്ഷൻ ഓഫീസർ**